**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **24-08-2022 - ൽ മറുപടിയ്ക്ക്**

**പുതിയ സ്റ്റാർട്ടപ്പുകൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് പലപ്പോഴും പൊതുമേഖലാ ബാങ്കുകളുടെ സഹായം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് വായ്പ സഹായം നൽകുന്നതിന് പൊതുവെ പൊതുമേഖലാ ബാങ്കുകൾക്ക് വിമുഖത ഉള്ളതായി സംരംഭകർ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ലോണിൻമേൽ വേണ്ട ഈടും ഉയർന്ന പലിശ നിരക്കുമാണ് ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സമായി സ്റ്റാർട്ടപ്പുകൾ അഭിപ്രായപ്പെടുന്നത്. ഇതിനൊരു പരിഹാരമാണ് കേരള സ്റ്റാർട്ടപ്പ് മിഷനും കെ.എസ്.ഐ.ഡി.സി. യും നിലവിൽ നൽകി വരുന്ന ഗ്രാന്റുകളും ലോണുകളും.<br><br>കെ.എസ് .ഐ.ഡി.സിയുടെ നേതൃത്വത്തിൽ എല്ലാമേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്.<br><br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. കൂടാതെ സ്റ്റാർട്ടപ്പ് മിഷൻ ആവിഷ്കരിച്ചിട്ടുള്ള വിവിധ സ്കീമുകളിലൂടെയും പുതിയ സ്റ്റാർട്ടപ്പ് സംരംഭകർക്ക് മൂലധന സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ